A

505

# സമഗ്ര ശിക്ഷാ കേരളം

## പാദവാർഷിക മൂല്യനിർണ്ണയം 2023-24

## സാമൂഹ്യശാസ്ത്രം

ക്ലാസ്: 5 സമയം: 2 മണിക്കൂർ

### *നിർദേശങ്ങൾ*

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനുട്ട് സമാശ്വാസ സമയമാണ്. ഈ സമയം പ്രവർത്തനങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കാനുള്ളതാണ്.
2. തന്നിട്ടുള്ള 8 പ്രവർത്തനങ്ങളിൽ ഏതെങ്കിലും 6 എണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.
3. തിരഞ്ഞെടുക്കുന്ന 6 പ്രവർത്തനങ്ങളിലെയും എല്ലാ ഉപപ്രവർത്തനങ്ങൾക്കും ഉത്തരം എഴുതേണ്ടതാണ്.

**പ്രവർത്തനം 1**

ചിത്രം നിരീക്ഷിക്കൂ...



**മനുഷ്യർക്ക് ആനയുടേതു പോലെ വലിയ ശരീരമോ, പുലിയുടേതു പോലെ കൂർത്ത നഖങ്ങളോ, കാട്ടുപോത്തിന്റെ കരുത്തോ ഇല്ല.**

എ) കാട്ടിൽ താമസിച്ചിരുന്ന ആദിമ മനുഷ്യന് ഉപകരണങ്ങളും ആയുധങ്ങളും ആവശ്യമായി വന്നത് എന്തിനൊക്കെ വേണ്ടിയായിരിക്കും?

ബി) ആദിമ മനുഷ്യൻ ഉപയോഗിച്ചിരുന്ന പ്രധാന ആയുധം ഏതായിരുന്നു?

**പ്രവർത്തനം 2**

എ. പ്രാചീന കാലത്ത് നിലനിന്നിരുന്ന ശവസംസ്കാര സമ്പ്രദായങ്ങളുമായി ബന്ധപ്പെട്ട് അഞ്ചാം ക്ലാസ്സിലെ സാമൂഹ്യശാസ്ത്ര ക്ലാസിൽ കുട്ടികൾ തയ്യാറാക്കിയ ചുവർപത്രികയുടെ സവിശേഷതകൾ തിരിച്ചറിഞ്ഞ് പട്ടിക പൂർത്തിയാക്കുക.

**ചുവർ പത്രിക**

| ചരിത്രശേഷിപ്പിന്റെ പേര് | സവിശേഷതകൾ |
|---|---|
| .................... | രണ്ടോ മൂന്നോ മീറ്റർ ഉയരമുള്ള കല്ലുകൾക്ക് മുകളിൽ കുടയുടെ ആകൃതിയിലുള്ള പരന്ന കല്ലുകൾ. |
| .................... | മരിച്ചവരുടെ ഭൗതികാവശിഷ്ടങ്ങൾ അടക്കം ചെയ്തിരുന്ന വലിയ കളിമൺ ഭരണികൾ. |
| മുനിയറ<br>.................... | മേശയുടെ ആകൃതിയിൽ ചതുരത്തിലുള്ള അറ രൂപപ്പെടുത്തിയ കല്ലുകൾ. |

ബി. സ്കൂളിലെ സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കുന്ന ചരിത്ര മ്യൂസിയത്തിലേക്ക് ശേഖരിക്കാവുന്ന ഏതെങ്കിലും മൂന്ന് ചരിത്രസാമഗ്രികളുടെ പേരെഴുതുക.

**പ്രവർത്തനം 3**

ചിത്രം നിരീക്ഷിക്കുക




എ) ഇവയിൽ പ്രാചീന ശിലായുധങ്ങൾ ഏതൊക്കെ?

ബി) പ്രാചീന ശിലായുധങ്ങളിൽ നിന്ന് നവീന ശിലായുധങ്ങളിലുണ്ടായ മാറ്റങ്ങൾ എന്തെല്ലാമായിരുന്നു.?

സി) മനുഷ്യൻ ആദ്യമായി കൃഷി ചെയ്തു തുടങ്ങിയത് ഏത് കാലഘട്ടത്തിലാണ്?

പ്രവർത്തനം 4




എ. ജനുവരി മാസത്തിൽ തുടങ്ങുന്ന ക്രിസ്തുവർഷ കലണ്ടറാണ് പൊതുവായി കാലഗണനയ്ക്ക് ഉപയോഗിക്കുന്നത്. കലണ്ടറിൽ ഉപയോഗിക്കുന്ന മറ്റ് വർഷക്രമങ്ങൾ എഴുതുക.

ബി. ഒരു നൂറ്റാണ്ട് എത്ര വർഷമാണ്?

സി. നൂറ്റാണ്ടിന്റെ കാലയളവ് പൂർത്തിയാക്കുക.

| 19-ാം നൂറ്റാണ്ട് | 20-ാം നൂറ്റാണ്ട് | 21-ാം നൂറ്റാണ്ട് |
|---|---|---|
| 1801 ജനുവരി 01 മുതൽ 1900 ഡിസംബർ 31 വരെ | .................... | 2001 ജനുവരി 01 മുതൽ 2100 ഡിസംബർ 31 വരെ |

പ്രവർത്തനം 5

**പ്രാചീന ശിലായുഗം മുതൽ വെങ്കലയുഗം വരെയുള്ള കാലഘട്ടത്തിൽ മനുഷ്യജീവിതത്തിൽ നിരന്തരം ഒട്ടേറെ പുരോഗതി ഉണ്ടായി.**

താഴെ പറയുന്ന മാറ്റങ്ങൾ മനുഷ്യജീവിതത്തിലുണ്ടായത് ഏതേത് കാലഘട്ടങ്ങളിലാണ്?

എ) 1. മൃഗങ്ങളെ ഇണക്കി വളർത്തി; വാസസ്ഥലങ്ങൾ ഉണ്ടാക്കി.

2. വേട്ടയാടി കിട്ടുന്ന മൃഗങ്ങളുടെ മാംസം ഭക്ഷണമായി ഉപയോഗിച്ചു; തീ ഉപയോഗിക്കാൻ തുടങ്ങി.

3. ഈയവും ചെമ്പും ഉരുക്കിച്ചേർത്ത് പുതിയൊരു ലോഹസങ്കരം നിർമ്മിച്ചു. — വെങ്കലയുഗം

4. ചെമ്പുകൊണ്ടുള്ള ആയുധങ്ങളും ഉപകരണങ്ങളും ഉപയോഗിച്ചു. — 

ബി) വെങ്കലയുഗത്തിൽ കൃഷി മെച്ചപ്പെടുകയും കാർഷികോൽപാദനത്തിൽ വർധനവുണ്ടാവുകയും ചെയ്തു. കാർഷിക മേഖലയിൽ തുടർന്നുണ്ടായ മാറ്റങ്ങൾ എന്തൊക്കെയാണ്?

**പ്രവർത്തനം 6**



എ) സമൂഹത്തിലെ ചിട്ടകളും മര്യാദകളും ജീവിതരീതികളും ആദ്യമായി നാം പഠിക്കുന്നത് കുടുംബത്തിൽ നിന്നാണ്. കുടുംബ രൂപീകരണം നടക്കുന്നത് ഏതെല്ലാം രീതിയിലാണ്?

| | |
|---|---|
| 1 | രക്തബന്ധത്തിലൂടെ |
| 2 | ....................................... |
| 3 | ദത്തെടുക്കലിലൂടെ |

ബി) വ്യത്യസ്ത സവിശേഷതകൾ ഉൾക്കൊള്ളുന്നതാണ് കുടുംബം.
'എ' കോളത്തിലെ സവിശേഷതകളെ 'ബി' കോളത്തിലെ സൂചനകളുമായി യോജിപ്പിച്ചെഴുതുക.

| എ. സവിശേഷതകൾ | ബി. സൂചനകൾ |
|---|---|
| ദേശഭാഷകൾക്ക് അതീതം | ചുമതലകൾ നിർവഹിക്കൽ |
| പരിമിതമായ വലുപ്പം | സ്നേഹം, വാത്സല്യം, സുരക്ഷിതത്വ ബോധം |
| വൈകാരിക ബന്ധങ്ങൾ | അംഗങ്ങളുടെ എണ്ണത്തിൽ കുറവ് |
| ഉത്തരവാദിത്വ ബോധം | എല്ലായിടത്തും കുടുംബമുണ്ട് |

പ്രവർത്തനം 7

**കുടുംബങ്ങളുടെ വരുമാന സ്രോതസ്സുകൾ വ്യത്യസ്തമാണ്. ലഭിക്കുന്ന പ്രതിഫലവും വ്യത്യസ്തമാണ്.**

എ) താഴെ പറയുന്നവയ്ക്ക് ലഭിക്കുന്ന പ്രതിഫലം ഏതാണെന്ന് എഴുതുക.

| | |
|---|---|
| 1. കെട്ടിടം ഒരു വർഷത്തേക്ക് നിശ്ചിത തുകയ്ക്കായി വിട്ടു കൊടുത്തിരിക്കുന്നു. | |
| 2. നിർമ്മാണ തൊഴിലാളികൾ കെട്ടിടം പണിതു. | കൂലി |
| 3. ഒരു നിശ്ചിത സംഖ്യ ഒരു നിശ്ചിത കാലത്തേക്ക് ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ട്. | |
| 4. പട്ടണത്തിൽ പോലീസ് ഓഫീസറായി ജോലി ചെയ്യുന്നു. | |
| 5. ഗ്രാമത്തിൽ മഹിളാ പ്രധാൻ ഏജന്റായി ജോലി നോക്കുന്നു. | കമ്മീഷൻ |

ബി) നിങ്ങളുടെ കുടുംബത്തിലെ ഏതെങ്കിലും രണ്ട് ചെലവുകൾ എഴുതുക.

പ്രവർത്തനം 8



ഭിംബേഡ്ക ഗുഹാചിത്രങ്ങൾ

**പ്രാചീന ശിലായുഗത്തിലെ ഈ ഗുഹാചിത്രങ്ങൾക്ക് ഒൻപതിനായിരത്തിലധികം വർഷത്തെ പഴക്കമുണ്ട്. എഴുത്തുവിദ്യ രൂപപ്പെടുന്നതിന് മുമ്പുള്ള ഈ കാലഘട്ടം ചരിത്രാതീത കാലം എന്നറിയപ്പെടുന്നു.**

എ) എന്താണ് ചരിത്ര കാലം?

ബി) മനുഷ്യ ജീവിതത്തെക്കുറിച്ച് മനസ്സിലാക്കുന്നതിന് വിവിധ ചരിത്ര സ്രോതസ്സുകൾ ഉപയോഗിക്കുന്നു. തന്നിരിക്കുന്ന ചരിത്ര സ്രോതസ്സുകളിൽ ചിലത് ചരിത്രകാലത്തെയും ചിലത് ചരിത്രാതീതകാലത്തെയുമാണ്. അവയെ പട്ടികപ്പെടുത്തുക.

**വിവിധ ചരിത്ര സ്രോതസ്സുകൾ**




| ചരിത്രാതീത കാലം |
| --- |
| .............................. |
| ഗുഹാ ചിത്രങ്ങൾ |

| ചരിത്ര കാലം |
| --- |
| .............................. |
| പുസ്തകങ്ങൾ |
| ശിലാലിഖിതങ്ങൾ |
| .............................. |